(ഡി) വാത്സല്യനിധി പദ്ധതി, വായ്പ എഴുതി തള്ളൽ പദ്ധതി എന്നിവയുള്ള പ്രൊപ്പോസലുകൾ സർക്കാരിന്റെ പരിഗണനയിലാണ്. വാത്സല്യനിധി പദ്ധതിയ്ക്കായി ഒന്നാം ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി 2225-01-102-95 (പ്ലാൻ) എന്ന ശീർഷകത്തിൽ 1,000 രൂപ ടോക്കൺ പ്രൊവിഷനായി അനുവദിച്ചിട്ടുണ്ട്. വിദ്യാജ്യോതി പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിവരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് സ്മൃതി വനം പദ്ധതി നടപ്പിലാക്കാൻ 180.44 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

ഡി.റ്റി.പി.സി. സെക്രട്ടറിക്കെതിരെ വിജിലൻസ് അന്വേഷണം

300 (998) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ഡി.റ്റി.പി.സി. സെക്രട്ടറിക്കെതിരെ വിജിലൻസ് അന്വേഷണം നടക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ;

(ബി) ജീവനക്കാരുടെ സംഘടന ഡി.റ്റി.പി.സി. സെക്രട്ടറിക്കെതിരെ അന്വേഷണം നടത്തണമെന്നാവശ്യപ്പെട്ട് മന്ത്രിക്ക് നൽകിയ നിവേദനത്തിന്മേൽ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) സ്ത്രീ ജീവനക്കാരിയെ ജാതിപറഞ്ഞു ആക്ഷേപിച്ചുവെന്ന പരാതിയിന്മേൽ ഡി.റ്റി.പി.സി. സെക്രട്ടറി അന്വേഷണം നേരിടുന്നുണ്ടോ ; എങ്കിൽ അന്വേഷണം ഏത് ഘട്ടത്തിലെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ച് മറുപടി നൽകുന്നതാണ്.

ടൂറിസം പദ്ധതി

301 (999) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂതത്താൻകെട്ട്, തട്ടേക്കാട് പക്ഷിസങ്കേതം തുടങ്ങിയവയുമായി ബന്ധപ്പെടുത്തി വിപുലമായ ടൂറിസം പദ്ധതി നടപ്പാക്കുന്നത് പരിഗണിക്കുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത ടൂറിസം കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യം നല്ല നിലവാരത്തിൽ ലഭ്യമാക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) ഭൂതത്താൻകെട്ടിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനു വേണ്ടി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

1. Landscaping of Bhoothathankettu, Ernakulam-Rs.55,99,700 പദ്ധതി പൂർത്തീകരിച്ചു.
2. Landscaping of Bhoothathankettu boat Club Rs. 2,87,03,607
3. Development of Bhoothathankettu as a Tourist Destination-Rs. 1,90,00,000

കേന്ദ്ര ടൂറിസം വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെയുള്ള 'Development of Bhoothathankettu as a Tourist Destination in Kerala' എന്ന ഒരു പദ്ധതിയും നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. എന്നാൽ തട്ടേക്കാട് ടൂറിസവുമായി ബന്ധപ്പെട്ട പദ്ധതികൾ നിലവിലില്ല.

മാമ്പുഴ ടൂറിസം ഡെസ്റ്റിനേഷൻ

302 (1000) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കോഴിക്കോട് മാമ്പുഴ ടൂറിസം ഡെസ്റ്റിനേഷൻ ആക്കുന്നത് സംബന്ധിച്ച നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

ഉണ്ട്. മാമ്പുഴ ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ ആക്കുന്നതിനുള്ള പദ്ധതിയുടെ വികസന സാധ്യതാ പഠന റിപ്പോർട്ട് ഡി.റ്റി.പി.സി. കോഴിക്കോട് സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ടിയുള്ള സ്ഥല ലഭ്യത പരിശോധിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly